പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 444 | 04.06.2018 -ൽ മറുപടിക്ക്

## പെട്രോളിന് പകരം പച്ചവെള്ളം നല്കിയ സംഭവം

| ചോദ്യം<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകപ്പ് മന്ത്രി)** |
|---|---|
| **(എ)** തിരുവനന്തപുരം നഗരത്തിൽ സെക്രട്ടേറിയറ്റിന് സമീപം M/s ദീദി ഫ്യൂവൽസ് എന്ന പെട്രോളിയം ഔട്ട് ലെറ്റിൽ നിന്നും 15/10/2017-ൽ പെട്രോൾ നിറയ്ക്കാൻ വന്ന ഉപഭോക്താവിന് പെട്രോളിന് പകരം പച്ചവെള്ളം നല്കിയ സംഭവത്തിൽ പമ്പിന്റെ ഡിസ്പെൻസിംഗ് ഉപകരണത്തിന് ഉണ്ടായ പാകപ്പിഴ എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | **(എ)** 15.10.2017 ൽ M/s ദീദി ഫ്യൂവൽസ് എന്ന പെട്രോളിയം ഔട്ട് ലെറ്റിൽ നിന്നും പെട്രോളിന് പകരം പച്ചവെള്ളം നല്കിയ സംഭവം അന്വേഷിച്ചപ്പോൾ ഡിസ്പെൻസിംഗ് യൂണിറ്റിന്റെ സാങ്കേതിക പിഴവാണ് അതിനു കാരണം എന്ന് മനസ്സിലാക്കിയെന്നും ഔട്ട് ലെറ്റിലെ പമ്പിന്റെ സക്ഷൻ ലെവൽ താഴ്ന്ന നിലയിലായതു കൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നും ആയത് പരിഹരിക്കുകയും ഉപഭോക്താവിന്റെ വാഹനം ഡീലറുടെ ചെലവിൽ സർവ്വീസ് ചെയ്ത് കൊടുത്തിട്ടുണ്ടെന്നും ഇത്തരം പാകപ്പിഴവുകൾ ഉണ്ടാകാതിരിക്കാൻ ഡീലർക്ക് കർശന നിർദ്ദേശം നല്കിയിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| **(ബി)** ഈ പാകപ്പിഴ മറ്റേതെങ്കിലും പമ്പുകളിൽ നാളിതുവരെയായി സംഭവിച്ചിട്ടുണ്ടെങ്കിൽ എവിടെയൊക്കെയാണ് സംഭവിച്ചിട്ടുള്ളത് ; | **(ബി)** ഈ പാകപ്പിഴ മറ്റ് പമ്പുകളിൽ ഇതുവരെ സംഭവിച്ചിട്ടില്ല എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| **(സി)** കേരളത്തിലെ പെട്രോൾ പമ്പുകളിൽ മാത്രമുണ്ടാകുന്ന പ്രതിഭാസമായി ഇതിനെ വിലയിരുത്തിയിട്ടുണ്ടോ ? | **(സി)** ഇല്ല. |

**സെക്ഷൻ ഓഫീസർ**